**File No.GEDN-G1/197/2017-G.EDN**

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - എസ്.എസ്.എൽ.സി. പരീക്ഷ-ഐ റ്റി വിഷയത്തിന് ഗ്രേസ് മാർക്ക് അനുവദിച്ച ഉത്തരവിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (ജി) വകുപ്പ്**

**സ.ഉ.(സാധാ) നം.964/2019/പൊ.വി.വ** തീയതി,തിരുവനന്തപുരം, 12/03/2019

പരാമർശം:- 1 സർക്കാർ ഉത്തരവ് (സാധാ) നം.5385/18/പൊവിവ, തീയതി 21.12.2018

2 പരീക്ഷാഭവൻ സെക്രട്ടറിയുടെ 21.02.2019 ലെ സിജനറൽ 4/42897/2018 നമ്പർ കത്ത്

**ഉത്തരവ്**

എസ്.എസ്.എൽ.സി. പരീക്ഷയുടെ ഐ റ്റി വിഷയത്തിലെ തിയറി പേപ്പറിന് 10 മാർക്ക് വരെ ലഭ്യമാകുന്നവിധം, മറ്റുള്ള വിഷയങ്ങൾക്ക് എ+ ഗ്രേഡ് ലഭിച്ചശേഷം ബാക്കിയുള്ള ഗ്രേസ് മാർക്കിൽ നിന്നും, ഐ റ്റി വിഷയത്തിനു ഗ്രേസ് മാർക്ക് അനുവദിച്ച് സൂചന (1) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ പ്രസ്തുത ഉത്തരവ പ്രകാരം നല്ലൊരു വിഭാഗം വിദ്യാർത്ഥികൾക്കും ഐ.റ്റി. വിഷയത്തിന് ഗ്രേസ് മാർക്ക് നഷ്ടമാകാൻ സാധ്യതയുണ്ടെന്നും, അതിനാൽ 2018 മാർച്ചിലെ എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് ഐ.റ്റി. വിഷയത്തിന് ഗ്രേസ് മാർക്ക് അനുവദിച്ചതുപോലെ ഗ്രേസ് മാർക്ക് അനുവദിച്ച നൽകണമെന്ന് പരീക്ഷാഭവൻ സെക്രട്ടറി സൂചന (2) പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ഐ.റ്റി. വിഷയത്തിലെ തിയറി പേപ്പറിന് പരമാവധി 10 മാർക്ക് ലഭിക്കുന്ന വിധത്തിൽ ഗ്രേസ് മാർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ചിത്ര കെ ദിവാകരൻ**
**അണ്ടർ സെക്രട്ടറി**

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
പരീക്ഷാ കമ്മീഷണർ, തിരുവനന്തപുരം
എല്ലാ പൊതുവിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ പൊതുവിദ്യാഭ്യാസ ജില്ലാ ഓഫീസർമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ )വകുപ്പ്
സ്റ്റോക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പുറത്തെഴുത്ത് കത്ത് നം: എച്ച്1/121618/2019 തീയതി 29-3-2019

സർക്കാർ ഉത്തരവ് അറിവിലേയ്ക്കും അനന്തര നടപടികൾക്കുമായി അയക്കുന്നു.

പൊതു വിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

സ്വീകർത്താക്കൾ
1, എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2, എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
3, എല്ലാ പ്രധാനാധ്യാപകർക്കും (ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)